**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6759** **11-11-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരോല്പാദന മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദനശേഷിയുള്ള കറവ പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | ഉല്പാദനശേഷിയുള്ള കറവ പശുക്കളുടെ എണ്ണം സംസ്ഥാനത്ത് കുറഞ്ഞുവരുന്ന സാഹചര്യം നിലവിലില്ല. 2019 കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ പശുക്കളുടെ എണ്ണം 13.42 ലക്ഷമാണ്. ഇത് മുൻ സെൻസസിനേക്കാൾ 1.04 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. സംസ്ഥാനത്തെ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ അന്യസംസ്ഥാനത്തു നിന്നും ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിടാരി പാർക്കുകൾ മുഖേന ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ക്ഷീര മേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ഷീര മേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം ഉടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ |

| | | | |
|---|---|---|---|
| | | | നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. |
| (സി) | കേരളത്തിൽ വൻകിട ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് പ്രതിസന്ധിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ചെറുകിട ക്ഷീര കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ചെറുകിട ക്ഷീര കർഷകരെ സഹായിക്കുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീര കർഷക ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് 'ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനോടൊപ്പം കർഷകനെയും കുടുംബത്തെയും ഇൻഷ്വർ ചെയ്യാൻ സാധിക്കും. കൂടാതെ ക്ഷീരകർഷക ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി പെൻഷനും നൽകി വരുന്നു. കുടുംബ പെൻഷൻ, വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം എന്നിവയും നൽകുന്നുണ്ട്. |
| (ഇ) | ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കറവക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ വനിതകൾക്ക് പശുക്കറവ, കറവയന്ത്രം ഉപയോഗിച്ചുള്ള കറവ എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ